പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3461 12.05.2017-ൽ മറുപടിയ്ക്ക്

ഗവ. പ്ലീഡർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ. ഡി. പ്രസേനൻ | ശ്രീ.എ.കെ.ബാലൻ,<br>പട്ടിക ജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി. |

(എ) ജില്ലാ തലത്തിൽ ഗവ. പ്ലീഡർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

1978-ലെ The Kerala Government Law Officers (Appointment & Conditions of Service) and Conduct of Cases Rules-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജില്ലാ തലത്തിൽ ഗവ. പ്ലീഡർമാരെ നിയമിക്കുന്നത്.

(ബി) ഇപ്പോൾ എല്ലാ ജില്ലയിലും ഗവ. പ്ലീഡർമാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

എല്ലാ ജില്ലകളിലേക്കുമുള്ള ജില്ലാ ഗവ. പ്ലീഡർമാരുടെയും അഡീഷണൽ ജില്ലാ ഗവ. പ്ലീഡർമാരുടെയും നിയമന നടപടികൾ പൂർത്തീകരിച്ച് വരുന്നു.

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുളള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഓരോ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അതാത് ജില്ലകളിൽ സ്യൂട്ട് കോൺഫറൻസും ഇതിന് പുറമേ നിയമ (ഇൻസ്പെക്ഷൻ) വകുപ്പിൽ നിന്നും ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങൾ, അഡീഷണൽ ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ ഇൻസ്പെക്ഷനുകളും നടത്താറുണ്ട്. കൂടാതെ, കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങളിലും CCMS (Court Cases Monitoring Solutions) സംവിധാനവും നിലവിലുണ്ട്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ